പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1391 — 11.06.2019-ൽ മറുപടിക്ക്

ഏറനാട് നിയോജകമണ്ഡലത്തിലെ മൊടവണ്ണക്കടവ് നടപ്പാലം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ ബഷീർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഏറനാട് നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നാളിതുവരെയായി ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ ; | (എ) കീഴുപറമ്പ് പഞ്ചായത്തിലെ മുക്കം കടവിന് താഴെ അരീക്കോട് പാലത്തിന് സമീപം ചാലിയാർപുഴയുടെ തീര സംരക്ഷണം- 15.8 ലക്ഷം - പ്രവൃത്തി പൂർത്തീകരിച്ചു.<br>കീഴുപറമ്പ് പഞ്ചായത്തിലെ വാർഡ് 10-കുനിയിൽ കക്കുഴിക്കുന്നത്ത് കോലോത്തും തൊടിയിൽ ചാലിയാർ പുഴയുടെ വലതുകര സംരക്ഷണം-16.75 ലക്ഷം-ടെണ്ടർ നടപടികളിലാണ്. |
| (ബി) | മണ്ഡലത്തിലെ മൊടവണ്ണക്കടവ് നടപ്പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ട് നാളിതുവരെയായി പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും ഇക്കാര്യത്തിൽ എന്താണ് തടസ്സമെന്നും വ്യക്തമാക്കുമോ; | (ബി) പാരിസ്ഥിതികാനുമതി ലഭ്യമായിട്ടില്ലാത്തതു മൂലമാണ് പ്രവൃത്തി ആരംഭിക്കാൻ വൈകുന്നതിന് കാരണം. കൂടാതെ RMF ഫണ്ടിന്റെ അപര്യാപ്തതയും കാലതാമസത്തിന് കാരണമാണ്. |
| (സി) | മൂന്നു വർഷത്തിലധികമായി പല തടസ്സങ്ങൾ ഉന്നയിച്ച് പ്രവൃത്തി ആരംഭിക്കാത്ത പ്രസ്തുത പാലം നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) ഫണ്ടിന്റെ അപര്യാപ്തത മൂലം ഈ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ നിലവിലില്ല. |
| (ഡി) | ടി പാലത്തിനോടൊപ്പം ഭരണാനുമതി നല്കിയ ഏതെല്ലാം പാലങ്ങളുടെ പ്രവൃത്തി പൂർത്തിയായി; വിശദാംശം നൽകുമോ; | (ഡി) ഒരു പാലത്തിന്റെയും പണി പൂർത്തിയായിട്ടില്ല. |
| (ഇ) | ഇതിന് ശേഷം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കുന്നതിന് വിവിധ | (ഇ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പാലങ്ങളുടെ പണികൾക്കായി ഭരണാനുമതി നൽകിയിട്ടില്ല. |

| | | |
|---|---|---|
| | മണ്ഡലങ്ങളിൽ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | |
| (എഫ്) | മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് മറ്റ് ജില്ലകളിലെ പ്രവൃത്തികൾക്കായി കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (എഫ്) മലപ്പുറം ജില്ലയിൽ നിന്നും ആർ.എം.എഫ് മറ്റ് ജില്ലകളിലേയ്ക്ക് നാളിതു വരെ പണം കൈമാറിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**